**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് Prefab Design Technology ഉപയോഗിച്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നിർവ്വഹണ ഏജൻസിയായി FACT-RCF Building Products Ltd (FRBL)നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നം.468/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 01/03/2019

---

പരാമർശം :- (1) 19/12/2018-ൽ ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

(2) ജി.ഒ.(ആർ.ടി.) 190/2019/തസ്വഭവ. തീയതി 29.01.2019.

(3) നഗരകാര്യ ഡയറക്ടറുടെ 14.02.2019 ലെ ഡി.സി.2-18784/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2018-19-ലെ ബഡ്ജറ്റിൽ പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 15 കോടി രൂപ 2217-05-051-98(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു.. പരാമർശം(1)-ലെ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് Prefab Design Technology ഉപയോഗിച്ച് മുനിസിപ്പൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ടി നഗരസഭകൾക്ക് ഓരോന്നിനും 3 കോടി രൂപ വച്ച് ആകെ 12 കോടി രൂപയുടെ ഭരണാനുമതി നല്കി പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) Prefab Design Technology ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിന് തയ്യാറായ പ്രസ്തുത നഗരസഭകളിലെ ചെയർപേഴ്സൺ, സെക്രട്ടറി തുടങ്ങിയവർക്ക് FACT-RCF Building Products Ltd (FRBL) അമ്പലമേട്, കൊച്ചി എന്ന സ്ഥാപനത്തിൽ വച്ച് Prefab Design Technology പരിചയപ്പെടുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നത് സംബന്ധിച്ചും ഒരു പരിശീലനം നഗരകാര്യ വകുപ്പ് സംഘടിപ്പിച്ചിരുന്നു. Prefab Design Technology പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഡി.പി.ആർ.തയ്യാറാക്കി നൽകുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും FACT-RCF Building Products Ltd (FRBL) സമ്മതം അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലും, prefab സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തി ചെയ്യുന്ന മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളൊന്നും സംസ്ഥാനത്ത് നിലവിലില്ലാത്ത സാഹചര്യത്തിലും ടെണ്ടർ നടപടി കൂടാതെ "Prefab സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതിയതായി രൂപീകരിച്ച നഗരസഭകൾക്കുള്ള കെട്ടിട നിർമ്മാണം" എന്ന പദ്ധതിക്കായി തെരഞ്ഞെടുത്ത പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് FRBL-നെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള "പിറവം, ഏറ്റുമാനൂർ, വടക്കാഞ്ചേരി, ഹരിപ്പാട് എന്നീ നഗരസഭകൾക്ക് Prefab Design Technology ഉപയോഗിച്ച് ഓഫീസ് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയുടെ (ഒരു പൈലറ്റ് പ്രോജക്റ്റ്) നിർവ്വഹണ ഏജൻസിയായി FACT-RCF Building Products Ltd (FRBL)-നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ, പിറവം/ഏറ്റുമാനൂർ/വടക്കാഞ്ചേരി /ഹരിപ്പാട് നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, പിറവം/ഏറ്റുമാനൂർ/വടക്കാഞ്ചേരി /ഹരിപ്പാട് നഗരസഭ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.